കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല, പാനൂർ ബ്ലോക്ക് പഞ്ചായത്ത് - പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പന്ന്യന്നൂർ വ്യവസായ എസ്റ്റേറ്റിലെ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് താൽക്കാലിക അനുമതി - ഗ്രാമവികസന കമ്മീഷണറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) 1929/16/തസ്വഭവ തിരുവനന്തപുരം, തീയതി, 17.06.2016

================================================================================

പരാമർശം: 1) പാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 09.09.15 തീയതിയിലെ ബി.318/13 നമ്പർ കത്ത്.
2) ഗ്രാമവികസന കമ്മീഷണറുടെ 18.11.15 തീയതിയിലെ 18620/ജെആർവൈ2/15/സിആർഡി നമ്പർ നടപടിക്രമം.
3) ഗ്രാമവികസന കമ്മീഷണറുടെ 26.11.15 തീയതിയിലെ 18620/ജെആർവൈ2/15/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്ന വാടക കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനത്തിനാവശ്യമായ സ്ഥല സൗകര്യത്തിന്റെ അപര്യാപ്തതയാലും വാടക കെട്ടിടത്തിന്റെ ഉടമസ്ഥർ കെട്ടിടം ഒഴിഞ്ഞു നൽകുന്നതിനായി മുൻസിഫ് കോടതിയിൽ നൽകിയ കേസിന്റെ വിധിപ്രകാരം 2016 ജനുവരി മാസം കെട്ടിടം ഒഴിഞ്ഞു നൽകേണ്ടതിനാലും പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ പന്ന്യന്നൂർ എന്ന സ്ഥലത്തുള്ള വ്യവസായ എസ്റ്റേറ്റിലെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിലേക്ക് മാറ്റുന്നതിന് ഭരണസമിതി (31.08.15 തീയതിയിലെ 3 ഡി/15-16 നമ്പർ) തീരുമാനം എടുത്തിരുന്നുവെന്നും ആയതിനു അനുമതിയ്ക്കായി പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഗ്രാമവികസന കമ്മീഷണറോട് അപേക്ഷിക്കുകയും പരാമർശം (2) മുഖേന സർക്കാർ സാധൂകരണത്തിന് വിധേയമായി താൽക്കാലിക അനുമതി നല്കുകയും ചെയ്തിരുന്നുവെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരുന്നു. ഗ്രാമവികസന കമ്മീഷണറുടെ ടി നടപടി സാധൂകരിക്കുന്നതിനായി പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വാടക കെട്ടിടം ഒഴിഞ്ഞ് പന്ന്യന്നൂർ വ്യവസായ എസ്റ്റേറ്റിലെ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടത്തിലേക്ക് മാറ്റുന്നതിലേക്കായി താൽക്കാലിക അനുമതി നൽകിയ ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ഡി. സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്, പാനൂർ ബ്ലോക്ക് പഞ്ചായത്ത്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ